# 275. സേനാപതിയിൻ ശബ്ദം കേൾക്കുവിൻ




2 ലോകയുദ്ധങ്ങളാൽ അശുദ്ധങ്ങൾ
രക്തപാതകം ഏറുന്നു
നാമൊ കൊല്ലുവാൻ അല്ല രക്ഷിപ്പാൻ
ക്രിസ്തൻ പോരിന്നോടു ചേരുന്നു -വീരർ

3 അന്ധകാരത്തിൻ ബന്ധം വെട്ടുവിൻ
സുവിശേഷത്തിൻ വാളിനാൽ
വായും, ജ്ഞാനവും കർത്തൻ അരുളും
ശക്തനാക്കും തൻ ആത്മാവിനാൽ -വീരർ

4 ലജ്ജിക്കാതെ നാം ദൈവശക്തിയാം
ക്രൂശിൻവചനം ഘോഷിക്കാം
കഷ്ടങ്ങളിലും, നഷ്ടങ്ങളിലും,
ഭ്രഷ്ടങ്ങളിലും സന്തോഷിക്കാം -വീരർ

5 ക്രിസ്തൻ സ്നേഹവും തൻ സൗമ്യതയും
എല്ലായിടത്തും കാക്കുവാൻ
ദൈവശാസന ജീവാസന
ഭൂനിവാസികൾക്കായിടുവാൻ -വീരർ

6 ദൈവം സ്വർഗ്ഗത്തിൽപ്പോലെ ഭൂമിയിൽ
എല്ലാ സൃഷ്ടിമേൽ വാഴേണം
പാപപാശങ്ങൾ ശാപക്ലേശങ്ങൾ
എല്ലാം പുത്രൻമൂലം മാറേണം -വീരർ

7 ചാകുവോളം നാം തൻ വിശ്വസ്തരാം-
ദാസരാകണം ഭൂമിയിൽ
സത്യമാനവും നിത്യസ്ഥാനവും
പിന്നെ പ്രാപിക്കും നാം സ്വർഗ്ഗത്തിൽ -വീരർ